പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കാൻ ലക്ഷ്യമാക്കി സംസ്ഥാനത്തെ തന്നെ ആദ്യ ശൃംഖലാബന്ധിത വികേന്ദ്രീകൃത സൗരോർജ്ജ പദ്ധതിയായ സോളാർ കണക്ട് പോലെ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പിലാക്കാനും അനെർട്ട് തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ലക്ഷ്യമിടുന്നതും, നടപ്പിലാക്കി വരുന്നതുമായ സൗരോർജ്ജ പദ്ധതികളുടെയും പവനോർജ്ജ പദ്ധതികളുടെയും പട്ടിക അനുബന്ധമായി ചേർക്കുന്നു.*

കൂടാതെ മൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികൾ ടെണ്ടർ ചെയ്തു. ഇതിൽ രണ്ട് പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. ആകെ 78 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഒൻപത് പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇക്കാലയളവിൽ ആകെ 87 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഒൻപത് ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രീകൺസ്ട്രക്ഷൻ സർവ്വേ പൂർത്തിയാക്കി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. പതിമൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ആകെ 41 മെഗാവാട്ടിന്റെ നാല് പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കലും 18 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികളും പുരോഗമിക്കുന്നു.

ഇ.എം.സി. വഴി സ്വകാര്യ സംരംഭകർ മുഖേന നടപ്പിലാക്കുന്ന ചെറുകിട ജലവൈദ്യുതി പദ്ധതിയിൽ 50-ഓളം പദ്ധതികൾ മത്സര ദർഘാസിലൂടെ നൽകുവാനുള്ള നടപടിക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്.

കൈത്തറി വ്യവസായ മേഖല

10 (*40) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ മേഖലയുടെ നിലവിലെ അവസ്ഥ അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൈത്തറി മേഖലയെ വൈവിദ്ധ്യവത്ക്കരണത്തിലൂടെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം പ്രാവർത്തികമാക്കുന്നതിന് സാദ്ധ്യമായിട്ടില്ലാത്തത് വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൈത്തറി മേഖലയുടെ പ്രതിസന്ധിയുടെ കാരണം കണ്ടെത്തി പരിഹരിക്കുന്നതിന് തികച്ചും അലംഭാവമാണ് കാണിച്ചതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ;

(ഡി) ഒരു കാലത്ത് വിദേശ രാജ്യങ്ങളിലടക്കം ഏറെ പ്രിയങ്കരമായിരുന്ന കൈത്തറി ഉല്പന്നങ്ങൾക്ക് അവിടങ്ങളിൽ വിപണി നഷ്ടപ്പെടുന്നതിന്റെ കാരണം കണ്ടെത്തി വിപണന സാദ്ധ്യത ഒരുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി): (എ) ഉണ്ട്. കൈത്തറി മേഖലയിലെ നിലവിലെ അവസ്ഥ പഠിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ സർവ്വേ നടത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കൈത്തറി മേഖലയെ വൈവിദ്ധ്യവൽക്കരണത്തിലൂടെ സംരക്ഷിക്കുന്നതിന് അനവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ട് സ്കീമും നടപ്പിലാക്കി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചു മൂല്യവർദ്ധിത പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതികസഹായവും ആവശ്യമായ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് സാമ്പത്തികസഹായവും നൽകിയിട്ടുണ്ട്.

(സി) ആക്ഷേപം ശരിയല്ല. കൈത്തറി മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ജാഗ്രതകമായ പ്രവർത്തനമാണ് സർക്കാർ നടത്തുന്നത്. നെയ്ത്തുകാരുടെ അഭാവം, പ്രവർത്തന മൂലധനത്തിന്റെ കുറവ് എന്നിവയാണ് കൈത്തറി മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ. ഇതു പരിഹരിക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. പ്രൊഡക്ഷൻ ഇൻസെന്റീവ്
2. ഇൻകം സപ്പോർട്ട് സ്കീം
3. പുതിയ ആൾക്കാർക്ക് നെയ്ത്തിൽ പരിശീലനം
4. നിലവിലുള്ള നെയ്ത്തുകാർക്ക് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം
5. വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് വിഷു, ഓണം, ക്രിസ്തുമസ് ഉത്സവകാലത്തോടനുബന്ധിച്ച് ജില്ലതോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പന മേളകൾ
6. നിലവിലുള്ള ഷോറും നവീകരിക്കുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും സഹായം.

LIBRARY ARCHIVES Kerala Legislative Assembly

7. കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി

8. ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം

9. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പ്രചരണം.

10. റിവൈവൽ, റീഫോം, റീസ്ട്രക്ചറിംഗ് പാക്കേജ് വഴി സംഘങ്ങൾക്ക് സാമ്പത്തിക സഹായം.

(ഡി) ഉണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി വിദേശരാജ്യങ്ങളിൽ നടക്കുന്ന പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് അവസരം ഒരുക്കിക്കൊടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജർമ്മനിയിൽ വച്ച് സംഘടിപ്പിച്ച ഹെംടെക്സ്റ്റൽ എക്സിബിഷനിൽ രണ്ടുതവണയായി ഹാന്റക്സ്, ഹാൻവീവ്, 5 പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവ പങ്കെടുത്തിട്ടുണ്ട്. കേരളത്തിനുപുറത്ത് ജയ്പൂർ ഫെസ്റ്റ്, ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ, ഇന്ത്യ ഇന്റർനാഷണൽ ഹാന്റ്വോവൺ ഫെയർ, ബാംഗ്ലൂർ ഫെസ്റ്റ് എന്നീ പ്രദർശനങ്ങളിൽ കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും അതുവഴി വിപണി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതു കൈത്തറി ഉൽപ്പന്നങ്ങളായ കുത്താമ്പുള്ളി സാരികൾ, ബാലരാമപുരം സാരികൾ, കാസർഗോഡ് സാരികൾ, ചേന്ദമംഗലം സെറ്റുമുണ്ടുകൾ, കണ്ണൂർ ഫർണിഷിംഗ് മെറ്റീരിയൽ എന്നിവയ്ക്ക് വിദേശ വിപണി ലക്ഷ്യമാക്കി ഭൗമസൂചിക നിലവാരം ലഭ്യമാക്കിയിട്ടുണ്ട്.

റെയിൽവെ മേഖലയിലെ പ്രഖ്യാപിത പദ്ധതികൾ

11 (*41) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എം. എ. ബേബി:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ മേഖലയിൽ സംസ്ഥാനത്ത് പ്രഖ്യാപിച്ച് നടപ്പിലാക്കാത്ത പദ്ധതികളെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രഖ്യാപിത പദ്ധതികൾ നടപ്പിലാവാത്തതിന് സംസ്ഥാനം നിർവ്വഹിക്കേണ്ടിയിരുന്ന കാര്യങ്ങൾ യഥാസമയം ചെയ്തു നൽകാതിരുന്നത് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) നാമമാത്ര കാര്യങ്ങൾ പ്രഖ്യാപിക്കുകയും അത് പോലും പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം തടയാൻ സർക്കാരിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly